പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3169 | 23/03/2015 ൽ മറുപടിക്ക്

## നാഷണൽ പ്രോജക്റ്റ് ഫോർ ബൊവൈൻ ബ്രീഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) നാഷണൽ പ്രോജക്റ്റ് ഫോർ ബൊവൈൻ ബ്രീഡിംഗ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) ഉണ്ട്. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മുഖേന മൃഗസംരക്ഷണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ കന്നുകാലികളുടെ കൃത്രിമ ബീജദാന സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുക, പശുക്കളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കർഷകരുടെ പരിശീലനം, ഈ മേഖലയിലുള്ള ടെക്നീഷ്യൻമാർക്കുള്ള പരിശീലനം, വന്ധ്യത നിവാരണ ക്യാമ്പുകൾ, നാടൻ ജനുസ്സ് പശുക്കളുടെ സംരക്ഷണം മുതലായവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശങ്ങൾ. 2014-15 വർഷത്തേക്ക് ഈ പദ്ധതിക്കായി 12 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വകാര്യ മേഖലയിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് നിലവിലുള്ള ജീവനക്കാരുടെ തൊഴിലിനെ ബാധിക്കുമോ; | ബി) കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല. |

| | |
|---|---|
| സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കൃത്രിമ ബീജദാനം നടത്തുവാൻ എത്ര ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ; കർഷകർക്ക് ഇപ്പോൾ സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന കൃത്രിമ ബീജദാന സേവനം തുടർന്നും സൗജന്യമായി ലഭിക്കുമോ? | സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 2504 സ്ഥാപനങ്ങളിൽ വെറ്ററിനറി ഡോക്ടർമാരും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഉൾപ്പെടെ ഏകദേശം 3632 ജീവനക്കാർ കൃത്രിമ ബീജദാനം നടത്തുവാനുണ്ട്. ഇപ്പോൾ സർക്കാർ തലത്തിൽ നൽകുന്ന സൗജന്യ കൃത്രിമ ബീജദാന സേവനം തുടർന്നും സൗജന്യമായി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ